2024 SEPTEMBER
06
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






## മെസ്സിയും റൊണാൾഡോയും ഔട്ട്; ബാലൺ ഡി ഓർ ചുരുക്ക പട്ടികയിൽ 30 താരങ്ങൾ

**സൂറിച്ച്:** ലയണൽ മെസ്സിയും ക്രിസ്റ്റ്യാനോ റൊണാൾഡോയും ഇല്ലാതെ ബാലൺ ഡി ഓർ പുരസ്കാരത്തിനുള്ള സാധ്യതാ പട്ടിക. 21 വർഷങ്ങൾക്കിടെ ഇതാദ്യമായാണ് മെസ്സിയും റൊണാൾഡോയും ഇല്ലാതെ ചുരുക്കപ്പട്ടിക പുറത്തിറങ്ങുന്നത്. ഇരുവരും നിലവിൽ യൂറോപ്യൻ ഫുട്ബോളിൽ സജീവമല്ല. മെസ്സി യുഎസ് ലീഗിലും ക്രിസ്റ്റ്യാനോ സൗദി ലീഗിലുമാണ് കളിക്കുന്നത്.

ഫ്രഞ്ച് താരം കിലിയൻ എംബാപ്പേ അടക്കം 30 പേരുടെ പട്ടികയാണ് പുറത്തു വിട്ടിരിക്കുന്നത്. 2006 മുതലുള്ള പട്ടികയിൽ ലയണൽ മെസ്സി ഇടം പിടിച്ചിരുന്നു. 2023ലും മെസി പുരസ്കാരം സ്വന്തമാക്കി. ഇതു വരെയും 8 ബാലൺ ഡി ഓർ പുരസ്കാരങ്ങളാണ് അർജൻറീന താരത്തിനു സ്വന്തമായിരിക്കുന്നത്.2004 മുതൽ 2022 വരെയും പോർച്ചുഗൽ താരമായ ക്രിസ്റ്റ്യാനോ റൊണാൾഡോയും പുരസ്കാര സാധ്യതാ പട്ടികയിൽ ഇടം പിടിച്ചു. അഞ്ച് തവണയാണ് റൊണാൾഡോയ്ക്ക് പുരസ്കാരം ലഭിച്ചത്. 2008 മുതൽ 2017 വരെ ബാലൺ ഡി ഓർ പുരസ്കാരത്തിനായി മെസിയും റൊണാൾഡോയുമാണ് പരസ്പരം മത്സരിച്ചിരുന്നത്. 2018ൽ ക്രൊയേഷ്യയുടെ ലൂക്ക മോഡ്രിച്ച് ഈ പോരാട്ടത്തിന് അറുതി കുറിച്ച് പുരസ്കാരം സ്വന്തമാക്കി.202324 സീസണിൽ അൻ നസർ ക്ലബിനു വേണ്ടിയും പോർച്ചുഗലിനു വേണ്ടിയുമായി 54 ഗോളുകൾ സ്വന്തമാക്കിയിട്ടും റൊണാൾഡോ പുരസ്കാര സാധ്യതാ പട്ടികയിൽ ഇടം പിടിച്ചില്ല.

# 4 ധാരണാപത്രങ്ങൾ ഒപ്പിട്ട് ഇന്ത്യയും സിംഗപ്പൂരും

**സിംഗപ്പൂർ:** ഡിജിറ്റൽ സാങ്കേതികവിദ്യ, നൈപുണ്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ മികച്ച സഹകരണം ഉറപ്പാക്കുന്ന ധാരണാപത്രങ്ങളിൽ ഒപ്പിട്ട് ഇന്ത്യയും സിംഗപ്പൂരും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഞ്ചാം സിംഗപ്പൂർ സന്ദർശനത്തിനിടെയാണ് പ്രധാനപ്പെട്ട മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ധാരണാപത്രങ്ങൾ കൈമാറിയത്. ബ്രൂണെയിലെ സന്ദർശനത്തിന് ശേഷം സിംഗപ്പൂരിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മികച്ച സ്വീകരണമാണ് സിംഗപ്പൂരിലെ ഇന്ത്യൻ സമൂഹം ഒരുക്കിയത്.

ഇന്നലെ വൈകിട്ട് സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ് ഒരുക്കിയ അത്താഴവിരുന്നിലും മോദി പങ്കെടുത്തിരുന്നു. ഇതിന് ശേഷമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള ഔദ്യോഗിക ചർച്ചകൾ ആരംഭിച്ചത്. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങളിൽ ഇരു പ്രധാനമന്ത്രിമാരും ചർച്ച നടത്തി. ഡിജിറ്റൽ സമ്പദ് വ്യവസ്ഥ, ഹരിത ഇടനാഴികളും സുസ്ഥിരതയും, ഭക്ഷ്യ സുരക്ഷ, സെമികണ്ടക്ടർ വ്യവസായം ഉൾപ്പെടെയുള്ള നൂതന ഉൽപ്പാദനമേഖല, ആരോ



ഗ്യം, പ്രതിരോധശേഷിയുള്ള വിതരണ ശൃംഖലകൾ എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് നാല് ധാരണാപത്രങ്ങൾ ഇരു രാജ്യങ്ങളുടെയും വിദേശകാര്യ മന്ത്രിമാർ കൈമാറിയിരിക്കുന്നത്. ഉഭയകക്ഷി ബന്ധം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യസിംഗപ്പൂർ മന്ത്രിതല വട്ടമേശ യോഗവും നടന്നു.

സിംഗപ്പൂർ വെറുമൊരു സുഹൃത്ത് രാഷ്ട്രമല്ലെന്നും എല്ലാ വികസ്വര രാജ്യങ്ങൾക്കും സിംഗപ്പൂർ പ്രചോദനമാണെന്നുമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മന്ത്രിതല വട്ടമേശ യോഗത്തിൽ പറഞ്ഞത്. പ്രധാനമന്ത്രിയായി സ്ഥാനമേറ്റ ശേഷം ഇതാദ്യമായാണ് നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തുന്നതെന്ന് സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങും പറഞ്ഞു. മന്ത്രിതല വട്ടമേശ യോഗത്തിന് മുന്നോടിയായി സിംഗപ്പൂരിലെ പ്രസിദ്ധമായ സെമികണ്ടക്ടർ വ്യവസായ മേഖലയും നരേന്ദ്രമോദി സന്ദർശിച്ചു. സിംഗപ്പൂർ പ്രധാനമന്ത്രിക്കൊപ്പം എത്തിയ മോദി, സെമികണ്ടക്ടർ കമ്പനിയായ എഇഎം ഹോൾഡിംഗ്സ് ലിമിറ്റഡാണ് സന്ദർശിച്ചത്. ഈ മേഖലയിൽ ഒരുമിച്ച് പ്രവർത്തിക്കാനും യുവാക്കൾക്ക് കൂടുതൽ അവസരങ്ങൾ നൽകാൻ താൻ ആഗ്രഹിക്കുന്നതായും മോദി തന്റെ സിംഗപ്പൂർ സന്ദർശനത്തിനിടെ പറഞ്ഞു. 2018ലാണ് മോദി ഇതിനുമുൻപ് സിംഗപ്പൂരിൽ സന്ദർശനത്തിനായി എത്തിയത്.

അതിനിടെ ഇന്ത്യയുടെ ആദ്യത്തെ തിരുവള്ളൂവർ കൾച്ചറൽ സെന്റർ സിംഗപ്പൂരിൽ ഉടൻ ആരംഭിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. മഹാനായ തിരുവള്ളൂവർ പ്രാചീന ഭാഷയായ തമിഴിൽ ലോകത്തിന് വഴികാട്ടിയായ നിരവധി ചിന്തകൾ നൽകിയിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ തിരുക്കുറൽ രചിച്ചത് ഏകദേശം 2,000 വർഷങ്ങൾക്ക് മുമ്പാണെന്നും മന്ത്രിതല വട്ടമേശ യോഗത്തിൽ പറഞ്ഞ മോദി, തിരുക്കുറലിലെ ആശയങ്ങൾ ഇന്നും പ്രസക്തമാണെന്നും അറിയിച്ചു. തമിഴ് ഭാഷയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിന് സിംഗപ്പൂരിലെ തിരുവള്ളൂവർ കൾച്ചറൽ സെന്റർ സഹായിക്കുമെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി നിർമല സീതാരാമൻ പറഞ്ഞത്.

# ഓണം വാരാഘോഷമില്ല സാമ്പത്തിക പ്രതിസന്ധിക്കിടെ കേരളീയത്തിന് 7.40 കോടി നൽകി ധനവകുപ്പ്

**തിരുവനന്തപുരം:** കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും കേരളീയത്തിന് 7.40 കോടി അനുവദിച്ച് ധനവകുപ്പ്. ട്രഷറി നിയന്ത്രണത്തിൽ ഇളവുവരുത്തി അധിക ഫണ്ടായാണ് തുക അനുവദിച്ചിരിക്കുന്നത്. ഓഗസ്റ്റ് 27ന് ടൂറിസം വകുപ്പ് ധനവകുപ്പിനോടു പണം ആവശ്യപ്പെട്ടിരുന്നു. ഇതേത്തുടർന്ന് ഓഗസ്റ്റ് 31നാണ് തുക അനുവദിച്ചിരിക്കുന്നത്.

2023ലെ കേരളീയം പരിപാടിയുടെ കുടിശിക തുക നൽകനാണ് പണം അനുവദിച്ചിരിക്കുന്നതെന്ന് ഉത്തരവിൽ പറയുന്നു. 2023 നവംബറിൽ നടന്ന കേരളീയം പരിപാടിക്ക് 27 കോടി രൂപ സർക്കാർ ചെലവായിരുന്നു. ബാക്കി തുക സ്പോൺസർമാരിൽ നിന്നു പിരിച്ചെടുത്തുവെന്നാണ് റിപ്പോർട്ട്.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓണം വാരാഘോഷം




മാറ്റിയെങ്കിലും കേരളീയം നടത്താനുള്ള ഒരുക്കത്തിലാണ് സർക്കാർ. ഈ വർഷം ഡിസംബറിലാകും പരിപാടി നടത്തുക. പരിപാടിയുടെ നടത്തിപ്പിനെ കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ സംഘാടക സമിതി യോഗം ചേർന്നിരുന്നു. ചെലവ് സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ വകുപ്പുകൾക്ക് നിർദേശം നൽകി.

ഇനി എല്ലാ വർഷവും കേരളീയം നടത്തുമെന്നും തിരുവനന്തപുരമായിരിക്കും സ്ഥിരം വേദിയെന്നും മുഖ്യമന്ത്രി കഴിഞ്ഞ വർഷം കേരളീയത്തിന്റെ സമാപന സമ്മേളനത്തിൽ പ്രഖ്യാപനം നടത്തിയിരുന്നു.

സ്വകാര്യ സ്പോൺസർമാരിൽനിന്നു പണം പിരിച്ച് സർക്കാർ നടത്തുന്ന പരിപാടി വലിയ വിമർശനങ്ങൾക്ക് വഴിവച്ചിരുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും പണം പിരിച്ചായിരുന്നു കേരളീയത്തിന്റെ ഫണ്ട് കണ്ടെത്തിയത്.

ഇത്തവണയും അത് തുടരാനാണ് തീരുമാനം.





# ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ അധ്യാപകദിനാഘോഷം

**പിറവം:** ദേശീയ അധ്യാപകദിനം സമുചിതമായി ആഘോഷിച്ച് ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല. സർവകലാശാലയിലെ സ്കൂൾ ഓഫ് ഇജിസിഎസിന്റെ (എത്തിക്സ്, ഗവർണൻസ്, കൾച്ചർ ആന്റ് സോഷ്യൽ സിസ്റ്റംസ്) നേതൃത്വത്തിലായിരുന്നു ആഘോഷം.

സർവകലാശാലയുടെ ഓണക്കൂറിലെ ലളിത പ്രതിഷ്ഠനത്തിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസിലർ പ്രൊഫ. ഡോ. അജയ് കപൂർ അധ്യാപകദിനാഘോഷം ഉദ്ഘാടനം ചെയ്തു. അധ്യാപക ദിനത്തോടനുബന്ധിച്ച് ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രൗഡ് ടു ബി എ ടീച്ചർ എന്ന സോഷ്യൽ മീഡിയ ക്യാംപയിൽ സർവകലാശാല ഡീൻ ഡോ. സുനിത ഗ്രാന്ധി ഉദ്ഘാടനം ചെയ്തു. കംപ്യൂട്ടർ സയൻസിലെ സീനിയർ പ്രൊഫസർ ഡോ. വിശ്വേശ്വർ കല്ലിമണി ,സ്കൂൾ ഓഫ് ഇജിസിഎസ് മേധാവി ഡോ.പ്രമോദ് ദിനകർ, അസ്സോസിയേറ്റ് പ്രൊഫസർ. ബിന്ദുശ്രീ എ.ആർ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശിഖ തുടങ്ങിയവർ പ്രസംഗിച്ചു. വിദ്യാർഥികളുടെ കലാപരിപാടികളും ചടങ്ങിന് മാറ്റുകൂട്ടി. സമീപത്തെ സ്കൂളുകളിലെ വിദ്യാർഥികളുടെ രക്ഷിതാക്കൾക്കായി പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് സെമിനാർ സംഘടപ്പിച്ചു. സ്കൂൾ ഓഫ് ഇജിസിഎസിലെ (എത്തിക്സ്, ഗവർണൻസ്, കൾച്ചർ ആന്റ് സോഷ്യൽ സിസ്റ്റംസ്) വിദ്യാർഥികളാണ് സെമിനാർ നയിച്ചത്.



# സ്തനാർബുദ ബോധവത്കരണവും പരിശോധനയും സംഘടിപ്പിച്ചു

**കൊച്ചി:** നിറ്റ ജെലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി, സ്തനാർബുദ ബോധവത്കരണവും സ്ക്രീനിംഗും സംഘടിപ്പിച്ചു. തൃക്കാക്കര മുനിസിപ്പാലിറ്റി കമ്മ്യൂണിറ്റി ഹാളിൽ നടന്ന പരിപാടി എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്തു.തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ രാധാമണി പിള്ള അധ്യക്ഷത വഹിച്ച ചടങ്ങിൽ നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പ്രവീൺ വെങ്കിട്ട രമണൻ കമ്പനിയുടെ വിവിധ സിഎസ്ആർ പ്രവർത്തനങ്ങൾ വിശദീകരിച്ചു. തൃക്കാക്കര മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ പി എം യൂനുസ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ സ്മിത സണ്ണി, സുനീറ ഫിറോസ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായ നൗഷാദ് പല്ലച്ചി, തൃക്കാക്കര മുനിസിപ്പാലിറ്റി പ്രതിപക്ഷ നേതാവ് ചന്ദ്രബാബു, കമ്പനി പ്രതിനിധികളായ എച്ച് ആർ ഹെഡ് നിമിഷ ഗോപു, സിഎസ്ആർ മാനേജർ എ ബി നെൽസൺ,ജനറൽ മാനേജർ ജി പ്രവീൺ,സീനിയർ ജനറൽ മാനേജർ കെ പ്രദീപ്കുമാർ, എച്ച് ആർ ജനറൽ മാനേജർ അജിത് വി തുടങ്ങിയവർ പങ്കെടുത്തു.

നിറ്റ ജലാറ്റിൻ വിവിധ മേഖലകളിൽ സംഘടിപ്പിച്ചുവരുന്ന സിഎസ്ആർ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി ആവിഷ്കരിച്ചത്. തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ നിന്നുള്ള 400 സ്ത്രീകളെ സ്ക്രീനിങ്ങിന് വിധേയമാക്കുകയാണ് ലക്ഷ്യം.ആദ്യദിനം മുനിസിപ്പാലിറ്റിയിലെ കുടുംബശ്രീ സിഡിഎസ് അംഗങ്ങൾ, ഹരിതകർമ സേന പ്രവർത്തകർ, ആശ വർക്കേഴ്സ്, കുടുംബശ്രീ അംഗങ്ങൾ, വനിതാ കൗൺസിലേഴ്സ് തുടങ്ങിയവർ പരിശോധനയിൽ പങ്കെടുത്തു.

സ്തനാർബുദ പ്രതിരോധത്തിൽ നിർണായകമായ ആരോഗ്യ സേവനങ്ങളും ബോധവൽക്കരണവും നൽകുന്നതിനായി മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലെ സ്ത്രീകളെ ഉൾപ്പെടുത്തി പല കേന്ദ്രങ്ങളിലായി വരും പരിശോധനകൾ ദിവസങ്ങളിൽ നടത്തും.

രാജഗിരി ആശുപത്രിയിലെ ഡോ. അമൃത ബോധവൽക്കരണ ക്ലാസ് നയിച്ചു. കൊച്ചി ആസ്ഥാനമാക്കിയിട്ടുള്ള ഡി ലാബ്സ് ആണ് പരിശോധനകൾക്കു നേതൃത്വം നൽകിയത്.

# മാക്ട വാർഷികാഘോഷം നാളെ കൊച്ചിയിൽ

**കൊച്ചി:** മലയാളം സിനി ടെക്നീഷ്യൻസ് അസോസിയേഷൻ(മാക്ട)യുടെ മുപ്പതാം വാർഷികം സെപ്റ്റംബർ ഏഴിന് എറണാകുളം ടൗൺഹാളിൽ നടക്കും. രാവിലെ 9.30 ന് മാക്ടയുടെ മുതിർന്ന അംഗവും സംവിധായകനുമായ ജോഷി പതാക ഉയർത്തുന്നതോടെ സമ്മേളനത്തിന് തുടക്കമാകും. ചലച്ചിത്രതാരം അപർണ ബാലമുരളി ചടങ്ങിന് ഭദ്രദീപം തെളിയിക്കും. തുടർന്ന് വിദ്യാർത്ഥികളും ചലച്ചിത്ര ആസ്വാദകരുമായി ചേർന്ന് സിമ്പോസിയം നടക്കും. തിരക്കഥാകൃത്തുക്കളായ ശ്യാം പുഷ്കരൻ ,സഞ്ജയ് ബോബി ,സംവിധായൻ ജൂഡ് ആന്റണി ജോസഫ്, ഫാദർ അനിൽ ഫിലിപ്പ് ,പ്രമുഖ സഞ്ചാരസാഹിത്യകാരൻ സന്തോഷ് ജോർജ് കുളങ്ങര, ഭാഗ്യലക്ഷ്മി എന്നിവർ പങ്കെടുക്കും. ഡോക്ടർ അജു കെ നാരായണൻ മോഡറേറ്റർ ആയിരിക്കും. ഉച്ചയ്ക്ക് രണ്ടുമണിമുതൽ മാക്ട കുടുംബ സംഗമം നടക്കും.

അംഗങ്ങളുടെ കലാപരിപാടികൾ ,മത്സരങ്ങൾ എന്നിവ ഉണ്ടായിരിക്കും. വൈകിട്ട് 5 ന നടക്കുന്ന സമ്മേളനത്തിൽ മാക്ട ലെജൻഡ് ഓണർ പുരസ്കാരം ശ്രീകുമാരൻ തമ്പിക്ക് സമ്മാനിക്കും. ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകൽപന ചെയ്ത ശിൽപവും പ്രശംസാപത്രവുമാണ് സമ്മാനിക്കുക. തുടർന്ന് മാക്ടയുടെ ഫൗണ്ടർ മെമ്പർമാരായ ജോഷി ,കലൂർ ഡെന്നിസ്, ടചസ്വാമി ,ഷിബു ചക്രവർത്തി ,ഗായത്രി അശോക് ,രാജീവ് നാഥ് ,പോൾ ബാബു ,റാഫി ,മെക്കാർട്ടിൻ എന്നിവരെ ആദരിക്കും.

24 ഗായകർ ഒന്നിക്കുന്ന സംഗീതസന്ധ്യ, ചലച്ചിത്രതാരം സ്വാസികയും മണിക്കുട്ടനും അവതരിപ്പിക്കുന്ന നൃത്ത നൃത്യങ്ങൾ ,സ്റ്റാൻഡ് അപ്പ് കോമഡി ,മാക്ട അംഗങ്ങൾ അവതരിപ്പിക്കുന്ന കോമഡി സ്കിറ്റ് എന്നിവ ഉണ്ടായിരിക്കും.

മാക്ട @30എന്ന നാമകരണം ചെയ്തിരിക്കുന്ന ഈ വാർഷിക സമ്മേളനത്തിൽ 'മാക്ട ചരിത്രവഴികളിലൂടെ 'എന്ന ഡോക്യുമെന്ററിയും പ്രദർശിപ്പിക്കും.

## മെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കൽ: പിഴകൂടാതെ സെപ്റ്റംബർ 30 വരെ സമയം

**കൊച്ചി :** സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എിവയുടെ ലൈസൻസുകൾ പിഴകൂടാതെ പുതുക്കുതിനുള്ള സമയം സെപ്തംബർ 30 ന് അവസാനിക്കുമെ് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം. എം ഹനീഷ്, സെക്ര'റി ഡോ. ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ് എിവർ അറിയിച്ചു.

പിഴ കൂടാതെ ലൈസൻസ് പുതുക്കാൻ സാവാകശം അനുവദിക്കണെമെ ഐ.എം.എ കൊച്ചിയുടെ നിവേദനം പരിഗണിച്ച് കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ മുൻകൈ എടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ അധ്യക്ഷതയിൽ നട പാരാതി പരിഹാര അദാലത്തിലാണ് സമയ പരിധി ദീർഘിപ്പിച്ചത്.

ഈ സൗകര്യം എല്ലാ മെഡിക്കൽ സ്ഥാപനങ്ങളും പ്രയോജനപ്പെടുത്തണമെ് കൊച്ചിൻ ഐ.എ.എ ഭാരവാഹികൾ അഭ്യർഥിച്ചു.

# കുസാറ്റ് രജിസ്ട്രാറായി പ്രൊഫ. അരുൺ എ യു ചുമതലയേറ്റു



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) രജിസ്ട്രാറായി പ്രൊഫ.(ഡോ.) അരുൺ എ യു ചുമതലയേറ്റു. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി.ജി.ശങ്കരന്റെ സാന്നിധ്യത്തിൽ മുൻ രജിസ്ട്രാർ പ്രൊഫ. (ഡോ.) വി.ശിവാനന്ദൻ ആചാരി വ്യാഴാഴ്ച രജിസ്ട്രാറുടെ ചുമതല ഡോ. അരുണിന് കൈമാറി.

കുസാറ്റിലെ സ്കൂൾ ഓഫ് മറൈൻ സയൻസസിലെ പൂർവ വിദ്യാർത്ഥിയായ ഡോ. അരുണിന്റെ നിയമനം സർവകലാശാലയ്ക്ക് ഇരട്ടിമധുരമാണ്. 1993ൽ എംജി സർവകലാശാലയിൽ നിന്ന് സുവോളജിയിൽ ബിരുദം പൂർത്തിയാക്കിയ ഡോ. അരുൺ 1996ൽ കുസാറ്റിൽ നിന്ന് മറൈൻ ബയോളജിയിൽ ബിരുദാനന്തര ബിരുദവും 2004ൽ മറൈൻ സയൻസസിൽ പിഎച്ച്.ഡിയും നേടി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ സുവോളജി വിഭാഗത്തിൽ അസിസ്റ്റൻറ്ചേ പ്രൊഫസറായി അധ്യാപനജീവിതം ആരംഭിച്ച അദ്ദേഹം നിലവിൽ അതേ കോളേജിൽ സുവോളജി വിഭാഗം പ്രൊഫസറും വകുപ്പ്മേധാവിയുമാണ്.

പെരുമ്പാവൂർ 'ഗായത്രി'യിൽ (പരേതനായ) എ ബി ഉണ്ണികൃഷ്ണന്റെയും മുൻ ഹെഡ്മിസ്ട്രസ് കെ വി വത്സലയുടെയും മകനായ ഡോ. അരുണിന്റെ ഭാര്യ കെ സി പ്രത്യുഷ കൈപ്പമംഗലം ജിഎഫ്എച്ച്എസ്സിയിൽ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപികയാണ്. മകൾ നിവേദിത എ കുറുപ്പ് അങ്കമാലിയിലെ തുറവൂരിൽ സെന്റ് പാട്രിക്സ് അക്കാദമിയിലെ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## കെവിവിഇഎസ് വനിതാവിംഗ്: പി.സി ജേക്കബ്ബ് സംസ്ഥാന കോർഡിനേറ്റർ



**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് സംസ്ഥാന കോർഡിനേറ്ററായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി.സി ജേക്കബ്ബിനെ വീണ്ടും തിരഞ്ഞെടുത്തു. വനിതകളുടെ ശാക്തീകരണമുൾപ്പെടെയുള്ള വിഷയങ്ങളിൽ കഴിഞ്ഞ രണ്ടു വർഷം നടത്തിയ ശ്രദ്ധേയമായ ഇടപെടലുകളുടെയും പിന്തുണയുടെയും അടിസ്ഥാനത്തിലാണ് പി.സി ജേക്കബ്ബ് വീണ്ടും കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ടത്

## ഓണോൽസവ് എട്ടിന്

**കിഴക്കമ്പലം :** കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് വാർഡ് 15 ഓണോത്സവ് സെപ് 8 ന് പഴങ്ങനാട് (വർഗ്ഗീസ് ഐസക്ക് ) പാടിയിൽ നടക്കും .രാവിലെ 11 ന് ന് നടക്കുന്ന സമ്മേളനത്തിൽ ട്വന്റി 20 പാർട്ടി ചെയർമാൻ ബോബി എം. ജേക്കബ് ഉദ്ഘാടനം നിർവ്വഹിക്കും വാർഡ് പ്രസിഡന്റ് ജിജോ ജോസഫ് അദ്ധ്യക്ഷത വഹിക്കും ട്വന്റി 20 പാർട്ടി ഭാരവാഹികളായ വി ഗോപകുമാർ അഗസ്റ്റിൻ ആന്റണി .ജിബി എബ്രാഹം. ബേബി ജോൺ, പഞ്ചായത്ത് പ്രതിനിധികളായ മിനി രതിഷ് ജിൻസി അജി,ജെനീസ് പി. കാച്ചപ്പിള്ളി. ആർ ബിന്ദു എന്നിവർ സംസാരിക്കും ഓണപാട്ട് ഓണസദ്യ ഓണ പൂക്കള മത്സരം എന്നിവയും ഉണ്ടായിരിക്കും

## പുത്തൻകുരിശിൽ മാനവം സാംസ്‌ക്കാരിക സമ്മേളനം

**കോലഞ്ചേരി:** മാനവം കലാ സാംസ്ക്കാരിക ഫോറത്തിന്റെ രണ്ടാമത്തെ സാംസ്ക്കാരിക സമ്മേളനം ശനിയാഴ്ച പകൽ 3ന് പുത്തൻകുരിശ് ഗവ. യു.പി. സ്കൂൾ ഹാളിൽ നടക്കും. പ്രസിഡന്റ് വി.ജി.സനിമോന്റെ അധ്യക്ഷതയിൽ കേന്ദ്ര സാഹിത്യ അക്കാദമി ഭാഷാ സമ്മാൻ ജേതാവ് ഡോ. കെ.ജി. പൗലോസ് സമ്മേളനം ഉദ്ഘാടനം ചെയ്യും. കവി ജയകുമാർ ചെങ്ങമനാട് മുഖ്യ പ്രഭാഷണം നടത്തും. അബുദാബി ശക്തി അവാർഡ് ജേതാവ് മഞ്ജു വൈഖരിയെ പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ ആദരിക്കും. ആശൈകുമാറിന്റെ കവിതാസമാഹാര പ്രകാശനവും, പ്രതിഭാ സംവാദവും ചടങ്ങിൽ നടക്കും.

## സ്റ്റാഫ് നഴ്സ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത പ്ലസ്ടു സയൻസ്, ജിഎൻഎം/ബി.എസ്.സി നഴ്സിംഗ്, കെഎൻസി രജിസ്ട്രേഷൻ പ്രായപരിധി 2024 ജനുവരി ഒന്നിന് 1836. താത്പര്യമുള്ളവർ യോഗ്യത, വയസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം സെപ്തംബർ 13 ന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ രാവിലെ 11ന് നടക്കുന്ന എഴുത്തു പരീക്ഷയിലും ഇന്റർവ്യൂവിലും പങ്കെടുക്കണം. രജിസ്ട്രേഷൻ അന്നേ ദിവസം രാവിലെ 10 മുതൽ 10.30 വരെ മാത്രമായിരിക്കും.

# പട്ടിക ജാതി പട്ടികവർഗ ക്ഷേമം: നിയമസഭാ സമിതി തെളിവെടുപ്പ് നടത്തി



**കൊച്ചി:** പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ടു വിവിധ തരത്തിലുള്ള പരാതികൾ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന നിയമസഭാ സമിതിയുടെ പരിഗണനയിലെടുത്തു. കെ. ശാന്തകുമാരിയുടെ അധ്യക്ഷതയിലുള്ള സമിതിയിലെ അംഗങ്ങളായ പി വി. ശ്രീനിജിൻ, വി. ആർ സുനിൽ കുമാർ, പി. പി. സുമോദ് എന്നിവർ തെളിവെടുപ്പിൽ പരാതികൾ പരിഗണിച്ചു.

ജില്ലാ കളക്ടർ എൻഎസ് കെ ഉമേഷ്, എഡിഎം വിനോദ് രാജ് എന്നിവരും സന്നിഹിതരായിരുന്നു. ആകെ 17 പരാതികളാണ് പരിഗണിച്ചതെന്ന് ചെയർപേഴ്സൺ പറഞ്ഞു. പട്ടികവിഭാഗക്കാരന്റെ പേരിൽ ഫ്യൂവൽ സ്റ്റേഷന് ലൈസൻസ് എടുത്ത ശേഷം വഞ്ചിച്ച പരാതി വളരെ ഗൗരവത്തോടെ തുടർനടപടികൾക്കു നിർദേശിച്ചു. ഭൂമി വിഷയങ്ങളുമായി പരാതികൾ സമയബന്ധിതമായി തീർക്കേണ്ടതാണ്.

പൊതുതാത്പര്യത്തിന്റെ ഭാഗമായും വിദ്യാഭ്യാസ വിഷയങ്ങളുടെ ഭാഗമായും പരാതികൾ ലഭിച്ചു. 14 പുതിയ പരാതികൾ സമിതിക്കു മുമ്പാകെ ലഭിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാനതലത്തിൽ തീർപ്പാക്കേണ്ട പരാതികൾ അതത് വകുപ്പുകൾക്കു കൈമാറും. ഒരുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുമെന്ന് ചെയർപേഴ്സൺ ശാന്തകുമാരി അറിയിച്ചു. എറണാകുളം ജില്ലയിൽ പരിഹരിക്കേണ്ട ഒമ്പതു പരാതികൾ ജില്ലാ കളക്ടർക്ക് കൈമാറി. കൂവപ്പടി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കായി നിർമിച്ച മൂന്നു ഫ്ളാറ്റ് സമുച്ചയങ്ങൾ അടിയന്തിരമായി കൈമാറുന്നതു സംബന്ധിച്ചു തീരുമാനമെടുക്കാൻ സമിതി നിർദേശിച്ചു.

ആലുവ പ്രീ എക്സാമിനേഷൻ സെന്ററിൽ പരാതിക്കിടയാക്കിയ വിഷയങ്ങൾ പരിഹരിച്ചതായി വകുപ്പ് പ്രതിനിധി സമിതിയെ അറിയിച്ചു. പട്ടികജാതി പട്ടിക വിഭാഗങ്ങൾക്കായുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റി വകുപ്പിനു നിർദേശം നൽകി.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ മാത്രമേ കുട്ടികൾ വരുകയുള്ളൂ. പോത്താനിക്കാട് ശ്മശാനത്തിന് ചുറ്റുമതിൽ നിർമിക്കണമെന്ന കെപി എംഎസിന്റെ പരാതിയിൽ അടിയന്തര നടപടി സ്വീകരിക്കാൻ നിർദേശം നൽകി. വാഴക്കുളം ഗ്രാമപഞ്ചായത്തിൽ വഴി സൗകര്യമില്ലാത്ത സ്ഥലം അഞ്ച് കുടുംബങ്ങൾക്കായി നൽകിയ വിഷയത്തിൽ തഹസിൽദാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണം.

20 വർഷം മുമ്പ് കൂടിയ വിലയ്ക്ക് ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് അന്നത്തെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിച്ചു. ആരെങ്കിലും വഴി തടസപ്പെടുത്തിയിട്ടുണ്ടോ എന്നും അന്വേഷിക്കണം.

## കൊച്ചി മെട്രോ രണ്ടാംഘട്ടം:
# വയഡക്ട് ആന്റ് സ്റ്റേഷൻ നിർമ്മാണത്തിന് നാളെ തുടക്കം



**കൊച്ചി:** കൊച്ചി മെട്രോയുടെ രണ്ടാംഘട്ട പദ്ധതിയുടെ വയഡക്ട് ആന്റ് സ്റ്റേഷന്റെ നിർമ്മാണം കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ മെട്രോ സ്റ്റേഷനിൽ നാളെ തുടക്കമാകും. ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് നടക്കുന്ന ചടങ്ങിൽ മന്ത്രി പി.രാജീവ് ആദ്യ വർക്കിംഗ് പൈലിന്റെ നിർമ്മാണ പ്രവർത്തനം ഉദ്ഘാടനം ചെയ്യും.ഹൈബി ഈഡൻ എം.പി, തൃക്കാക്കര എം.എൽ.എ ഉമാ തോമസ്, തൃക്കാക്കര നഗരസഭാ അദ്ധ്യക്ഷ രാധാമണി പിള്ള തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള പദ്ധതിയുടെ രണ്ടാംഘട്ടം (പിങ്ക് ലൈൻ ) നിർമ്മാണം 1141 കോടി രൂപയ്ക്ക് അഫ്കോൺസ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളതാണെന്ന് കെഎംആർഎൽ അധികൃതർ വ്യക്തമാക്കി. നിർമ്മാണത്തിന് ആവശ്യമായ രൂപരേഖയും, മുന്നൊരുക്ക പ്രവർത്തനങ്ങളും 2024 ജൂൺ മാസത്തിൽ തന്നെ പൂർത്തികരിച്ചിരുന്നു. സിവിൽ, ആർക്കിടെക്ചറൽ, ട്രാക്ക്, സിസ്റ്റം ജോലികളുടെ ടെൻഡർ നടപടികൾ പ്രോജക്റ്റിന്റെ പുരോഗതി അനുസരിച്ച് പൂർത്തീകരിക്കുന്നതാണ്. കൊച്ചി മെട്രോ റെയിലിന്റെ അംഗീകരിച്ച പദ്ധതിയുടെ ആകെ നിർമ്മാണ ചെലവ് 1957 കോടി രൂപയാണ്. പദ്ധതിയുടെ രണ്ടാംഘട്ടം നിർമ്മാണം പൂർത്തികരിച്ച് രണ്ടു വർഷത്തിനുള്ളിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷയെന്നും കെ.എം. ആർ.എൽ അധികൃതർ വ്യക്തമാക്കി.

## റെയിൽവേ വികസനയോഗം ചേർന്നു

**ആലുവ:** ആലുവ, അങ്കമാലി, ചാലക്കുടി റെയിൽവേ സ്റ്റേഷനുകളുടെ വികസനപദ്ധതികൾ സംബന്ധിച്ച റെയിൽവേ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ആലുവ റെയിൽവേ സ്റ്റേഷനിൽ വെച്ച് നടന്നു. എംപി ബെന്നി ബഹനാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എംഎൽഎ അൻവർ സാദത്ത്, അഡീഷണൽ ഡിവിഷനൽ റെയിൽവേ മാനേജർ എം ആർ വി ജി, ഡിവി ഷനൽ കൊമേഴ്സ്യൽ മാനേജർ സുനിൽ കുമാർ, എറണാകുളം ഏരിയ മാനേജർ പ്രമോദ് ഷേണായി, റെയിൽവേ സീനിയർ എൻജിനീയർമാരായ മാരിയപ്പൻ, ഹാരിസ് യൂസഫ് സായി, ആലുവ മുൻസിപ്പൽ ചെ യർമാൻ എം ഒ ജോൺ, മുനിസിപ്പൽ സ്റ്റാന്റിക് കമ്മറ്റി ചെയർമാൻ ലത്തീഫ് പുഴിത്തറ, മുനിസിപ്പൽ കൗൺസിലർമാർ, റെയിൽവെ വെസ്റ്റേഷൻ വെസ്റ്റേൻ എൻട്രി ആക്ഷൻ കൗൺസിൽ ഭാരവാഹികളായ എം ൻ സത്യദേവൻ, സാബു പരിയാരത്ത്, പി എ ഹംസക്കോയ, കെ ജയപ്രകാശ്, പി എ മുജീബ് എന്നിവരുടെ നേതൃത്വത്തിലാണ് യോഗം നടന്നത്. ആലുവ റെയിൽവേ സ്റ്റേഷൻ പടിഞ്ഞാറൻ കവാടം അമൃത് ഭാരത്സ്കീ മിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ വിശദമായ ഡിപിആർ അടിയന്തിരമായി തയ്യാറാക്കുന്നതിന് തീരുമാനിച്ചു, എംപിയുടെയും റെയിൽവെ ഉദ്യോഗസ്ഥരുടെയുസാന്നിദ്ധ്യത്തിൽ സ്ഥലപരിശോധനയും നടത്തി, ഡിപി ആർ ലഭിക്കുന്ന മുറക്ക്. വിശദമായ ചർച്ച നടത്തി തുടർ നടപടികൾ കൈക്കൊള്ളുന്നതിനും ആലുവ സ്റ്റേഷനിലെ തെക്കുഭാഗത്ത് ലിഫ്റ്റും എസ്കലേസ്കറ്ററും സ്ഥാപിക്കുന്നതിനും തീരുമാനമായി. നിലവിൽ സ്ഥാപിച്ചിട്ടുള്ള ലിഫ്റ്റും എസ്കലേസ്കട്ടറും 24 മണിക്കൂറും പ്രവർത്തനസജ്ജമാണ് എന്ന് ഉറപ്പുവരുത്തുന്നതിന് ഉദ്യോഗസ്ഥർക്ക്ചുമതല നൽകുന്നതിന് തീരുമാനിച്ചു. ആലുവയിലെ പാർക്കിംഗ് സൗകര്യത്തിന്റെഅപര്യാപ്തതപ്ത പരിഹരിക്കാൻ മൾട്ടിലെവൽ പാർക്കിംഗ് സിസ്റ്റം പ്രധാന കവാടത്തിനോട് ചേർന്ന് സ്ഥാപിക്കുന്നതിനുള്ളസാധ്യത പരിശോധിക്കാൻ തീരുമാനിച്ചു,

## വാസ്തുവിദ്യാ ഗുരുകുലത്തിൽ ഡിപ്ലോമ കറസ്പോണ്ടൻസ് കോഴ്സ്

**കൊച്ചി:** ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിൻ അക്കാദമിക് വിഭാഗം നടത്തിവരുന്ന കോഴ്സുകളിൽ, പാരമ്പര്യ വാസ്തു ശാസ്ത്രത്തിൽ ഡിപ്ലോമകറസ്പോണ്ടൻസ് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി സെപ്തംബർ 20. പാരമ്പര്യ വാസ്തു ശാസ്ത്രത്തിൽ ഡിപ്ലോമകറസ്പോണ്ടൻസ് കോഴ്സ്, ദൈർഘ്യം ഒരു വർഷം, സീറ്റുകളുടെ എണ്ണം 100, കോഴ്സ് ഫീസ് 20000 രൂപയും 18 ശതമാനം ജിഎസ്ടിയും. പ്രായപരിധി ഇല്ല. യോഗ്യത അംഗീകൃത ബിരുദം/ ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമ അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി സെപ്തംബർ 20. www.vasthuvidyagurukulam.com ഓൺലൈനായും അപേക്ഷ ലഭ്യമാക്കാം. കൂടുതൽ വിവരങ്ങൾക്ക് വാസ്തുവിദ്യാ ഗുരുകുലവുമായി നേരിട്ട് ബന്ധപ്പെടുക. എക്സിക്യുട്ടീവ് ഡയറക്ടർ വാസ്തുവിദ്യാ ഗുരുകുലം ആറന്മുള,പത്തനംതിട്ട ജില്ല 689533 ഫോൺ : 0468 2319740 , 9188089740, 9188593635, 9605046982,9605458857

# ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** സംസ്ഥാന ധനവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 12ന് രാവിലെ 10ന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനാകും. തെലങ്കാന ഉപമുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യു മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധനകാര്യ മന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധനകാര്യ മന്ത്രി തങ്കം തെന്നരസു, കേരളത്തിന്റെ പ്രതിപക്ഷ നേതാവ് വിഡി സതീശൻ എന്നിവർ പങ്കെടുക്കും. അഞ്ച് സംസ്ഥാനങ്ങളിലെയും ധനകാര്യ സെക്രട്ടറിമാർ ഉൾപ്പെടെ ഉദ്യോഗസ്ഥരും ധനകാര്യ വിദഗ്ധരും പങ്കെടുക്കും.

പതിനാറാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുമായി ആശയവിനിമയം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിലാണ് കേരളം ധനമന്ത്രിമാരുടെ കോൺക്ലേവ് നടത്താൻ നിശ്ചയിച്ചതെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. കേന്ദ്രസംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ അഴിച്ചുപണിയേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താനുള്ള വേദികളിൽ പ്രധാനപ്പെട്ട ഒന്നായാണ് ധനകാര്യ കമ്മീഷനെ കേരളം പരിഗണിക്കുന്നത്. ധനകാര്യ വിഷയങ്ങളിൽ സംസ്ഥാനങ്ങളുടെ യോജിച്ച നിലപാട് ഈ ഘട്ടത്തിൽ അനിവാര്യമായിരിക്കുകയാണ്. സംസ്ഥാനങ്ങൾ നേരിടുന്ന വികസന ധനകാര്യ പ്രശ്നങ്ങൾ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നത് സംബന്ധിച്ച ആശയരൂപീകരണമാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

12 ന് ഉച്ചയ്ക്കുശേഷം നടക്കുന്ന ചർച്ചയിൽ വിഷയ വിദഗ്ധരുടെ വലിയ നിര പങ്കെടുക്കും. കേന്ദ്ര സർക്കാരിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ, കേരള സംസ്ഥാന ആസൂത്രണ കമ്മീഷൻ വൈസ് ചെയർമാൻ പ്രൊഫ. വി കെ രാമചന്ദ്രൻ, മുൻ ധനകാര്യ മന്ത്രി ടി എം തോമസ് ഐസക്, കേന്ദ്ര കാബിനറ്റ് മുൻ സെക്രട്ടറി കെ എം ചന്ദ്രശേഖരൻ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ ചീഫ് സെക്രട്ടറി ഡോ. കെ എം എബ്രഹാം, നാലാം സംസ്ഥാന ധന കമ്മീഷൻ ചെയർമാൻ ഡോ. എം എ ഉമ്മൻ, പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അംഗം ഡോ. ഡി കെ ശ്രീവാസ്തവ, സാമ്പത്തിക വിദഗ്ധരായ ഡോ. പ്രഭാത് പട്നായിക്, പതിനാറാം ധനകാര്യ കമ്മീഷനുമുമ്പാകെ കേരളം സമർപ്പിക്കുന്ന നിവേദനത്തിന്റെ കരട് തയ്യാറാക്കാനായി നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ ഡോ. സി പി ചന്ദ്രശേഖർ, ഡോ. ജയതി ഘോഷ്, ഡോ. സുശീൽ ഖന്ന, ഡോ. എം ഗോവിന്ദ റാവു, ഡോ. പിനാകി ചക്രവർത്തി, പ്രൊഫ. കെ എൻ ഹരിലാൽ, റിട്ട. ഐആർഎസ് ഉദ്യോഗസ്ഥൻ ആർ മോഹൻ, സിഡിഎസ് ഡയറക്ടർ ഡോ. സി വി വീരമണി, ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ ജെ ജോസഫ്, എൻഐപിഎഫ്പിയിലെ പ്രൊഫസർ ലേഖ ചക്രബർത്തി, കേരള കാർഷിക സർവകലാശാലയിലെ മുൻ പ്രൊഫസർ ഡോ. പി ഷഹീന, കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോഏക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിലെ കെ കെ കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുക്കും.

# സാമ്പത്തിക ഫെഡറിലസം വലിയ വെല്ലുവിളി നേരിടുന്നു: ധനമന്ത്രി

**തിരുവനന്തപുരം:** രാജ്യത്ത് സാമ്പത്തിക ഫെഡറിലസം വലിയ തോതിൽ വെല്ലുവിളി നേരിടുന്ന കാലഘട്ടത്തിലാണ് സംസ്ഥാന ധനവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ കോൺക്ലേവിന് കേരളം നേതൃത്വം നൽകുന്നതെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. രാജ്യത്തെ മൊത്തം പൊതുചെലവിന്റെ 62.4 ശതമാനവും സംസ്ഥാനങ്ങൾ വഹിക്കേണ്ടിവരുന്നു. എന്നാൽ, രാജ്യത്തെ മൊത്തം വരുമാനത്തിന്റെ 37.3 ശതമാനം മാത്രം സംസ്ഥാനങ്ങൾക്ക് ലഭിക്കുമ്പോൾ 63 ശതമാനത്തോളം കേന്ദ്രത്തിനാണ് കിട്ടുന്നത്. സംസ്ഥാനങ്ങൾക്ക് നൽകേണ്ട വിഹിതത്തിൽ സെസ്, സർചാർജ് എന്നിവ കേന്ദ്രസർക്കാർ പരിഗണിക്കുന്നില്ല. ഇത് സംസ്ഥാനങ്ങൾക്ക് വലിയ വരുമാന നഷ്ടത്തിന് ഇടയാക്കുന്നതായി മന്ത്രി പറഞ്ഞു. പതിനഞ്ചാം ധന കമ്മീഷൻ കേന്ദ്ര സർക്കാരിന്റെ വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യാൻ ശുപാർശ ചെയ്തു. എന്നാൽ സംസ്ഥാനങ്ങൾക്ക് ലഭിച്ചത് ഏകദേശം 29.6 ശതമാനം മാത്രം. ഇതിന് കാരണം ഉയർന്ന തോതിലുള്ള സെസും സർചാർജുമാണ്.

പത്താം ധനകാര്യ കമ്മീഷൻ കേരളത്തിന് ശുപാർശ ചെയ്ത വിഹിതം 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദേശിച്ചത് 1.92 ശതമാനവും. കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങൾക്കും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകളിൽ വലിയ ധന നഷ്ടമാണുണ്ടായത്.

സംസ്ഥാനങ്ങളുടെ കടമെടുപ്പ് അവകാശങ്ങളിലും വിവേചന നിലപാടുകൾ നിലനിൽക്കുന്നതായി മന്ത്രി അഭിപ്രായപ്പെട്ടു.

# ബ്രേക്കിങ്ങ് ബാരിയേർസ്: ജോലിസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ' പാനൽ ചർച്ച നടത്തി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വനിതാ പഠന കേന്ദ്രവും ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും സംയുക്തമായി 'ബ്രേക്കിംഗ് ബാരിയർസ്ഃ ജോലിസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. എസ്എച്ച് കോളേജ് അക്കാദമിക് ഡീനും ഡബ്ല്യുസിസി സ്ഥാപക അംഗവുമായ ഡോ. ആശാ ആച്ചി ജോസഫ്, എറണാകുളം ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നോഡൽ ഓഫീസർ ഡോ. ദയാ പാസ്കൽ എന്നിവരായിരുന്നു പാനലിസ്റ്റുകൾ.അധ്യാപകരായ ഡോ. ആശാ ഗോപാലകൃഷ്ണൻ, ഡോ. ദേവി സൗമ്യജ, ഡോ. സംഗീത കെ പ്രതാപ് എന്നിവർ സെഷനിൽ സംസാരിച്ചു.



# അങ്കണവാടി വർക്കർ ഒഴിവ്

കൊച്ചി: ഐസിഡിഎസ് മുളന്തുരുത്തി അഡീഷണൽ പ്രോജക്ട് പരിധിയിൽ വരുന്ന ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ വർക്കർമാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ള എസ്എസ്എൽസി പാസായിട്ടുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2024 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായവരും 46 വയസ് അധികരിക്കാത്തവരുമായിരിക്കണം. എസ്സിഎസ്ടി വിഭാഗത്തിലുള്ളവർക്ക് മൂന്ന് വർഷത്തെ വയസിളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടി പ്രവൃത്തി പരിചയം ഉള്ളവർക്ക് ഒരു വർഷത്തിന് ഒന്ന് എന്ന നിലയിൽ പരമാവധി മൂന്ന് വർഷത്തെ വയസിളവുണ്ട്. കൂടുതൽ വിവരങ്ങൾ മുളന്തുരുത്തി അഡിഷണൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04842786680, 9188959730 നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, സമയം സെപ്തംബർ 20 വൈകിട്ട് അഞ്ചു വരെ അപേക്ഷ സ്വീകരിക്കുന്ന സ്ഥലം ഐസിഡിഎസ് മുളന്തുരുത്തി അഡീഷണൽ, പഴയ പഞ്ചായത്ത് കാര്യാലയം, തിരുവാങ്കുളം 682305.

## സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐടിഐയിൽ റെഗുലർ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ തുടരുന്നു. താത്പര്യമുള്ളവർ സെപ്തംബർ 12 ന് ഉച്ചയ്ക്ക് ശേഷം മൂന്നിനുള്ളിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് ഫോൺ : 0484 2544750.

## എംഎസ്എംഇ വർക്ക്ഷോപ്പ്

**കൊച്ചി:** എംഎസ്എംഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെ കുറിച്ച് അറിവ് ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്, മൂന്ന് ദിവസത്തെ വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. സെപ്തംബർ ഒമ്പതു മുതൽ 11 വരെ കളമശേരിയിലുള്ള കീഡിന്റെ ക്യാമ്പസിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. എംഎസ്എംഇ മേഖലയിലെ സംരംഭകർ / സംരംഭകർ ആകാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലന ഫീസ്. പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ http://kied.infot/raining-calender/ സെപ്തംബർ ഏഴിന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890/0484 2550322/ 9188922785.

## കുസാറ്റ്: എം.ബി.എ പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൽ എം.ബി.എ റെഗുലർഈവനിങ്ങ് പ്രോഗ്രാമിൽ ജനറലിലും വിവിധ വിഭാഗങ്ങളിലുമായി ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 10 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എം.ബി.എ മെയിൻ റാങ്ക് ലിസ്റ്റിലോ, എം.ബി.എ സപ്ലിമെൻററി റാങ്ക് ലിസ്റ്റിലോ ഉൾപ്പെട്ടവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.00 ന് സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. മെയിൻ റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ സപ്പ്ളിമെൻററി ലിസ്റ്റിലുള്ളവരെ പരിഗണിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഗ്ലോബൽ ടാലന്റ് മാഗ്നറ്റായി ഇന്ത്യ മാറുന്നു; തൊഴിൽ തിരയലുകളിൽ 60% കുതിപ്പ്

**കൊച്ചി:** 2021 ജൂൺ മുതൽ വിദേശത്ത് നിന്നുള്ള തൊഴിൽ അന്വേഷണത്തിൽ 60% വർധനവോടെ, ആഗോള പ്രതിഭകളുടെ ഏറ്റവും മികച്ച ലക്ഷ്യസ്ഥാനമായി ഇന്ത്യ ഉയർന്നതായി മുൻനിര പ്ലാറ്റ്ഫോമായ ഇൻഡീഡ്. രാജ്യത്തിന്റെ സാങ്കേതിക, എഞ്ചിനീയറിംഗ്, ഡിജിറ്റൽ സേവന മേഖലകളിലുള്ള താൽപ്പര്യത്താൽ നയിക്കപ്പെടുന്നു. 2021 ജൂണിനും 2024 ജൂണിനുമിടയിൽ ഇന്ത്യയിലേക്കുള്ള തൊഴിൽ അന്വേഷണത്തിൽ തിരയലുകൾ യഥാക്രമം 13%, 12%, 7% വർദ്ധിച്ചതായി ഡാറ്റ കാണിക്കുന്നു. ഈ പ്രവണത നവീകരണത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ആകർഷണത്തെ എടുത്തുകാണിക്കുന്നതായും അധികൃതർ വ്യക്തമാക്കി.

# ആഫ്രിക്കയിലേക്ക് മാർബിൾ കയറ്റുമതിക്കൊരുങ്ങി ഫിലാടെക്സ്

**കൊച്ചി:** വിവിധ ആഫ്രിക്ക രാജ്യങ്ങളിലേക്ക് 4.56 ലക്ഷം മെട്രിക് ടൺ മാർബിൾ കയറ്റുമതിക്കായി ഹൈദരാബാദ് ആസ്ഥാനമായ ഫിലാടെക്സ് മൈൻസ് ആന്റ് മിനറൽസ് പ്രൈവറ്റ് ലിമിറ്റഡിന് 661 കോടി രൂപയുടെ ഓർഡർ ലഭിച്ചു. ഒരു മാസത്തിനിടെയാണ് ഇത്ര വലിയ കയറ്റുമതി ഓർഡർ കമ്പനിക്കു ലഭിച്ചത്. ഓഗസ്റ്റ് 29ന് റിപബ്ലിക് ഓഫ് ഗിനിയ ആസ്ഥാനമായ എസ്ഡിബിഎസ് എന്ന കമ്പനിയിൽ നിന്ന് 1.59 ടൺ പോളിഷ്ഡ് മാർബിൾ ടൈൽസിന് ഓർഡർ ലഭിച്ചത്. 368 കോടി രൂപയുടെ കരാറാണിത്. 14 ആഫ്രിക്കൻ രാജ്യങ്ങളിൽ ഗ്രാനൈറ്റ്, മാർബിൾ വിതരണ ശൃംഖലയുള്ള ഡീലറാണ് ഈ കമ്പനി. ജൂലൈയിൽ 2.97 മെട്രിക് ടൺ മാർബിൾ കയറ്റുമതിക്ക് 293 കോടി രൂപയുടെ ഓർഡറും ഫിലാടെക്സ് മൈൻസിന് ലഭിച്ചിരുന്നു. കമ്പനിയുടെ സിഇഒയും അഡീഷനൽ ഡയറക്ടറുമായുള്ള സുനിൽ അഗർവാളിന്റെ നിയമനവും ബോർഡ് യോഗം അംഗീകരിച്ചു.

# ലാൻസറും ഇന്തൊനേഷ്യൻ കമ്പനിയും ധാരണയിൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഷിപ്പിങ്, ലോജിസ്റ്റിക്സ് കമ്പനിയായ ലാൻസർ കണ്ടെയ്നർ ലൈൻസ് ലിമിറ്റഡ് പ്രമുഖ ഇന്തൊനേഷ്യൻ കമ്പനിയായ പി.ടി. മാപ് ട്രാൻസ് ലോജിസ്റ്റിക്സിന് 10000 ടിഇയു കണ്ടെയ്നറുകൽ പാട്ടത്തിനു നൽകും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഇരു കമ്പനികളും ഒപ്പുവച്ചു. ഈ തന്ത്രപ്രധാന പങ്കാളിത്തം ലാൻസർ കണ്ടെയ്നർ ലൈൻസിന്റെ ബിസിനസ് വളർച്ചയിൽ നിർണായക പങ്കുവഹിക്കുമെന്ന് മാനേജിങ് ഡയറക്ടർ പ്രഫുൽ ഝാ പറഞ്ഞു. 2026 സാമ്പത്തിക വർഷത്തിനകം 45000 കണ്ടെയ്നർ ശേഷിയിലേക്ക് ഉയർത്താനാണ് കമ്പനിയുടെ പദ്ധതി. പുതിയ കപ്പൽ വാങ്ങുന്ന കാര്യവും പരിഗണനയിലുണ്ട്. നടപ്പു സാമ്പത്തിക വർഷം ആദ്യ പാദത്തിൽ 12.1 കോടി രൂപയാണ് കമ്പനിയുടെ അറ്റാദായം. 172.4 കോടി രൂപയുടെ വരുമാന നേട്ടവും കൈവരിച്ചു.

# പി എൻ ഗാഡ്ഗിൽ ജ്വല്ലേഴ്സ് ഐപിഒ സെപ്റ്റംബർ 10 മുതൽ

**കൊച്ചി**: പി എൻ ഗാഡ്ഗിൽ ജ്വല്ലേഴ്സ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 സെപ്തംബർ 10 മുതൽ 12 വരെ നടക്കും. 850 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 250 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 456 രൂപ മുതൽ 480 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 31 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 31ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, ബിഒബി ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# ഡാറ്റ ജീനി അവതരിപ്പിച്ച് കാപ്രി ലോൺസ്

മുംബൈ: നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായ കാപ്രി ഗ്ലോബൽ ക്യാപിറ്റൽ ലിമിറ്റഡ് ഡാറ്റാ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും ഉപഭോക്തൃ കേന്ദ്രീകൃത തീരുമാനമെടുക്കൽ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും എഐയെ പ്രയോജനപ്പെടുത്തുന്ന എഐപവേർഡ് ടൂൾ ആയ ഡാറ്റ ജീനിയുടെ പ്രവർത്തനം ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു.ഇൻഹൗസ് ആയി വികസിപ്പിച്ചെടുത്ത ഡാറ്റ ജീനി, ഡാറ്റയുമായി ബന്ധപ്പെട്ട ഏത് ചോദ്യവും ചോദിക്കാൻ ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു. ഇത് ഡാറ്റ വ്യാഖ്യാനത്തിന് ആവശ്യമായ സമയം ഗണ്യമായി കുറയ്ക്കുകയും ഡിപ്പാർട്ട്മെന്റുകളിലുടനീളം തീരുമാനമെടുക്കൽ പ്രക്രിയ വേഗത്തിലാക്കുകയും ചെയ്യുന്നു.



# അന്താരാഷ്ട്ര ക്ലിനിക്കൽ സൈക്കോളജി കോൺക്ലേവ് ആരംഭിച്ചു

**കൊച്ചി :** അമൃത ആശുപത്രിയിൽ മൂന്നു ദിവസത്തെ അന്താരാഷ്ട്ര ക്ലിനിക്കൽ സൈക്കോളജി സമ്മേളനത്തിന് തുടക്കമായി. ലൈംഗികതയും പ്രത്യുത്പാദന ആരോഗ്യവും (സെക്ഷ്വൽ ആൻഡ് റീപ്രൊഡക്ടീവ് ഹെൽത്ത്) എന്ന വിഷയത്തെ കേന്ദ്രീകരിച്ച് സംഘടിപ്പിച്ചിരിക്കുന്ന സമ്മേളനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുക്കുന്നുണ്ട്. ദുബായ് സിവാനാ ഹെൽത്ത് കെയർ സിറ്റിയിലെ ക്ലിനിക്കൽ സൈക്കോളജി വിഭാഗം പ്രൊഫസർ ആർ.ശ്രീഹരി സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ബംഗളൂരു നിംഹാൻസിലെ ക്ലിനിക്കൽ സൈക്കോളജി വിഭാഗം പ്രൊഫസർ ഡോ എം മഞ്ജുള, ശംഭു അനിൽ, അമൃത ആശുപത്രിയിലെ പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്റ്റീവ് വിഭാഗം മേധാവി ഡോ സന്ദീപ് വിജയരാഘവൻ, യൂറോളജി വിഭാഗം പ്രൊഫസർ ഡോ കെ വി സഞ്ജീവൻ, റീപ്രൊഡക്റ്റീവ് മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ. ജയശ്രീ നായർ തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

സെക്ഷ്വൽ ഡൈവേഴ്സിറ്റി, സെക്ഷ്വൽ റീ പ്രൊഡക്ടീവ് തകരാറുകളും ചികിത്സകളും തുടങ്ങിയ വിഷയങ്ങളിൽ അധിഷ്ഠിതമായ ചർച്ചകളും ക്ലാസുകളുമാണ് 3 ദിവസത്തെ സമ്മേളനത്തിൽ നടക്കുക. സമ്മേളനം ശനിയാഴ്ച സമാപിക്കും

# ഐസിഐസിഐ പ്രുഡൻഷ്യൽ എയുഎം 3 ലക്ഷം കോടിയിലെത്തി

**തൃശൂർ:** അസറ്റ് അണ്ടർ മാനേജ്മെന്റിൽ (എയുഎം) 3 ലക്ഷം കോടി രൂപ നേട്ടം സ്വന്തമാക്കി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്. ജൂലൈ 31ലെ കണക്കനുസരിച്ച് 3.14 ലക്ഷം കോടി രൂപയാണ് കമ്പനിയുടെ എയുഎം. അസറ്റ് അണ്ടർ മാനേജ്മെന്റിൽ 3 ലക്ഷം കോടി രൂപ എന്ന നാഴികക്കല്ല് പിന്നിട്ടതിൽ സന്തോഷമുണ്ടെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ അനുപ് ബാഗ്ചി പറഞ്ഞു. ഉപഭോക്താക്കൾക്ക് ഞങ്ങളുടെ ഉൽപ്പന്നങ്ങളോടുള്ള മുൻഗണനയും, അവരുടെ ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ നേടാൻ അവരെ പ്രാപ്തരാക്കുന്നതിന് ഞങ്ങളിലുള്ള അവരുടെ വിശ്വാസത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. ഉൽപ്പന്നങ്ങളും പ്രക്രിയകളും ലളിതമാക്കുന്നതിനുള്ള ഞങ്ങളുടെ സമീപനമാണ് അസറ്റ് അണ്ടർ മാനേജ്മെന്റ് വളർച്ചയെ നയിക്കുന്ന ഘടകങ്ങളിലൊന്ന്. ലൈഫ് ഇൻഷുറൻസ് ലളിതമാക്കാനും, നൂതന ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും, മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം നൽകുന്നതിന് ശരിയായ ചാനലിലൂടെ ശരിയായ ഉൽപ്പന്നം ശരിയായ ഉപഭോക്താവിന് ശരിയായ വിലയ്ക്ക് വാഗ്ദാനം ചെയ്യാനും ഇതുവരെ നടപ്പിലാക്കിയ സാങ്കേതിക പരിഹാരങ്ങൾ ഞങ്ങളെ സഹായിച്ചു. 2024 സാമ്പത്തിക വർഷത്തിൽ ഞങ്ങളുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതമായ 99.17% എന്നതിൽ ഉപഭോക്താക്കൾക്ക് ഞങ്ങൾ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള ഞങ്ങളുടെ പ്രതിബദ്ധത പ്രതിഫലിക്കുന്നുണ്ട്. വെറും 1.27 ദിവസത്തെ സമയപരിധിയോടെ ഇത് വ്യവസായത്തിലെ ഏറ്റവും മികച്ച ഒന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആദ്യത്തെ തദ്ദേശീയ ഹെപ്പറ്റൈറ്റിസ് എ വാക്സിൻ, ഹാവിഷുറിന്റെ പീഡിയാട്രിക് ഡോസ് പുറത്തിറക്കി

**ഹൈദരാബാദ്:** ഹൈദരാബാദ് ആസ്ഥാനമായുള്ള ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് (ഐഐഎൽ) ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ ഹെപ്പറ്റൈറ്റിസ് എ വാക്സിൻ, ഹാവിഷുവർ (0.5 മില്ലി) പീഡിയാട്രിക് ഡോസ് പുറത്തിറക്കി. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ (എൻഡിഡിബി) പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ് (ഐഐഎൽ).

ഹെപ്പറ്റൈറ്റിസ് എ വൈറസ് മൂലമുണ്ടാകുന്ന വളരെ സാംക്രമിക കരൾ അണുബാധയാണ് ഹെപ്പറ്റൈറ്റിസ് എ. ഇത് പ്രധാനമായും കുട്ടികളെ ബാധിക്കുകയും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യും. രോഗം തടയുന്നതിനുള്ള ഏറ്റവും ചെലവ് കുറഞ്ഞതും ഫലപ്രദവുമായ മാർഗ്ഗമാണ് വാക്സിനേഷൻ.

ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. കെ. ആനന്ദ് കുമാർ പറഞ്ഞു, 'രാജ്യത്ത് വാക്സിനുകളുടെ സ്വയംപര്യാപ്തത, നവീകരണത്തിനും പൊതുജനാരോഗ്യത്തിനും വേണ്ടിയുള്ള ഐഐഎൽന്റെ അചഞ്ചലമായ അർപ്പണബോധത്തിന്റെ ഒരു തെളിവാണ്. ഈ വാക്സിൻ കുട്ടികൾക്കായി ഒരു ശോഭനമായ ഭാവി രൂപപ്പെടുത്തുമെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ യുവതലമുറയ്ക്ക് ഉജ്ജ്വലവും ആരോഗ്യകരവുമായ ഭാവിയിലേക്ക് സംഭാവന ചെയ്യുക, തദ്ദേശീയ വാക്സിനുകൾ നിർമ്മിക്കാനുള്ള ഐഐഎൽന്റെ ശ്രമം 'മേക്ക് ഇൻ ഇന്ത്യ' ശ്രമങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകും.'

തദ്ദേശീയമായ ഹെപ്പറ്റൈറ്റിസ് എ വാക്സിൻ വികസിപ്പിച്ചെടുക്കുന്ന ഇന്ത്യയിലെ ഏക സ്ഥാപനമാണ് ഐഐഎൽ. ഇത് യഥാക്രമം 0.5 മില്ലി, 1 മില്ലി ഡോസേജ് ഫോമുകളിൽ കുട്ടികൾക്കും മുതിർന്നവർക്കും ഉപയോഗിക്കാം.



### വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് നടത്തി

# വൈദ്യുതി നിരക്ക് പരിഷ്ക്കരണം; അമിതഭാരം അടിച്ചേൽപ്പിക്കരുത്

**കൊച്ചി:** 2024 ജൂലൈ ഒന്നു മുതൽ 2027 മാർച്ച് 31 വരെ കാലയളവിലേക്ക് വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കെഎസ്ഇബി സമർപ്പിച്ച ശുപാർശകളിൻമേൽ ജില്ലയിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് നടത്തി. എറണാകുളം ടൗൺ ഹാളിൽ കമ്മീഷൻ ചെയർമാൻ ടി കെ ജോസിന്റെ നേതൃത്വത്തിൽ നടന്ന ഹിയറിംഗിൽ ടെക്നിക്കൽ മെംബർ ബി പ്രദീപ്, ലീഗൽ മെംബർ അഡ്വ. എ ജെ വിൽസൺ എന്നിവരും പങ്കെടുത്തു.

വൈദ്യുതി ഉപഭോക്താക്കളുടെ മേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നതിന് പകരം കെഎസ്ഇബിയുടെ ചെലവ് ചുരുക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമുള്ള മാർഗങ്ങൾ ആരായണമെന്ന് തെളിവെടുപ്പിൽ പങ്കെടുത്തവർ പറഞ്ഞു.

വിവിധ രാഷ്ട്രീയ, വ്യാപാര, വ്യവസായ സംഘടനകളെ പ്രതിനിധീകരിച്ച് നിരവധി പേർ കമ്മീഷൻ മുമ്പാകെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ചു. നിലവിൽ മേഖലാ തലങ്ങളിൽ മാത്രം നടന്നുവരുന്ന തെളിവെടുപ്പുകൾ എല്ലാ ജില്ലകളിലും നടത്തണമെന്ന നിർദ്ദേശം യോഗത്തിൽ ഉയർന്നു. ദ്വൈമാസ ബില്ലിംഗ് രീതിക്കു പകരം ഓരോ മാസവും ബില്ല് നൽകുന്ന രീതി നടപ്പിലാക്കുക, വൈദ്യുതി ബില്ലുകൾ മലയാളത്തിലാക്കുക, സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുക തുടങ്ങിയ നിർദ്ദേശങ്ങളും തെളിവെടുപ്പിൽ പങ്കെടുത്തവർ മുന്നോട്ടുവച്ചു. സോളാർ വെൻഡർ, ആം ആദ്മി പാർട്ടി, മർച്ചന്റ്സ് ചേമ്പർ, കേരള ഇലക്ട്രിക്കൽ ലൈസൻസ്ഡ് ക്രോൺട്രാക്ടർസ് അസോസിയേഷൻ, കേരള കൺസ്യൂമേർസ് അസോസിയേഷൻ, ഡിഎസ്പിഎഫ് റസിഡന്റ്സ് അസോസിയേഷൻ, ഇഡിആർഎഎസി ആന്റ് സിആർഡബ്ലിയു എ സ്റേറ്റ് ജനറൽ സെക്രട്ടറി, എസ്ഡിപി ഐ , ഇടയാർ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ, ഹോസ്റ്റൽ ഓണേഴ്സ് അസോസിയേഷൻ, എച്ച് ഒസി അമ്പലമുകൾ , ഫാക്ട് അമ്പലമേട്, കെഡിഎസ്പിസി , കേരള മൂവ്മെന്റ് ഫോർ ഹ്യൂമൻ റൈറ്റ്സ്, കേരള സോളാർ ക്ലബ്ബ്, എറണാകുളം ജില്ല ഹ്യൂമൻറൈറ്റ്സ് അസോസിയേഷൻ, പെട്രോ നെറ്റ് എൽ എൻ ജി , തൃപ്പൂണിത്തുറ ടിആർയുആർഎ , കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ, പ്രസിഡന്റ് കെ.എസ് ഐഎംഎ , കെവിവിഇഎസ് , കെഎസ് ഇ ബി പെൻഷനേഴ്സ് അസോസിയേഷൻ, ഹ്യൂമൻ റൈറ്റ്സ് ഫോറം ഇൻഡ്യ , ബിപിസി എൽ കൊച്ചി റിഫൈനറി , കെ എസ് ഇ ബി സീനിയർ ഫോറം തുടങ്ങി വിവിധ സംഘടനകളും വ്യക്തികളും കമ്മീഷൻ മുമ്പാകെ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് നൂറിലേറെ പേരാണ് തെളിവെടുപ്പിൽ പങ്കെടുത്തത്.

വൈദ്യുതി നിരക്ക് കൂട്ടുന്നതുമായി ബന്ധപ്പെട്ട കെഎസ്ഇബിയുടെ ശുപാർശകളിലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സല്യൈര@ല്യരസല്യമഹമ.ീൃഴ എന്ന ഇമെയിൽ വഴിയും സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെപിഎഫ്സി ഭവനം, സിവി രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695010 എന്ന വിലാസത്തിലേക്ക് തപാൽ വഴിയും സെപ്റ്റംബർ 10ന് വൈകിട്ട് അഞ്ചു മണി വരെ സ്വീകരിക്കുമെന്ന് കമ്മീഷൻ ചെയർമാൻ അറിയിച്ചു. കെഎസ്ഇബി ശുപാർശകളുടെ പകർപ്പ് www.erckerala.orgൽ ലഭ്യമാണ്.

### വിലക്കറ്റയം

# കേരളം മുന്നോട്ടുവച്ച ബദൽ മാതൃക ജനങ്ങൾക്ക് ഗുണകരം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** രാജ്യത്ത് ഭക്ഷ്യവിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ അത് തടയുന്നതിന് കേരളം മുന്നോട്ടുവച്ച ബദൽ മാതൃക ജനങ്ങൾക്ക് ഗുണകരമായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ളൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ദേശീയതലത്തിൽ വിലക്കയറ്റത്തെ ഗൗരവത്തോടെ കാണുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ വിപണിയിൽ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്. ഈ സാഹചര്യത്തിലാണ് കേരളം ഓണക്കാലത്ത് ഫലപ്രദമായ വിപണി ഇടപെടൽ നടത്തുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇന്ത്യയിൽ വിലക്കുറവ് കുറഞ്ഞതോതിൽ അനുഭവപ്പെടുന്ന സംസ്ഥാനം കേരളമാണ്. കഴിഞ്ഞ ജൂണിൽ പുറത്തുവന്ന കണക്കുകൾ പ്രകാരം പണപ്പെരുപ്പം 5 ശതമാനം വർധിച്ചു. വിലക്കയറ്റം 9.4 ശതമാനമാണ്. ഭക്ഷ്യോത്പന്നങ്ങളുടെ വിലക്കയറ്റം 8 ശതമാനത്തിന് മുകളിലാണ്. പച്ചക്കറി വിലക്കയറ്റം 30 ശതമാനത്തിനടുത്തെത്തി.

നിത്യോപയോഗ സാധനങ്ങൾ വലിയ വിലക്കുറവിലാണ് സപ്ലൈകോ ലഭ്യമാക്കുന്നത്. 13 ഇനം സബ്സിഡി സാധനങ്ങൾക്കൊപ്പം പഴം, പച്ചക്കറി ഉത്പന്നങ്ങളും ഫെയറിൽ നൽകുന്നുണ്ട്. ഈ നടപടി കർഷകർക്ക് ആശ്വാസം പകരുന്നതിനൊപ്പം സാധാരണക്കാർക്ക് മിതമായ നിരക്കിൽ സാധനം ലഭിക്കുന്നതിന് അവസരം ഒരുക്കും. പ്രമുഖ ബ്രാൻഡുകളുടെ ഉത്പന്നങ്ങൾ 45 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യും. 255 രൂപയുടെ ശബരി ഉത്പന്നം 189 രൂപയ്ക്ക് ലഭിക്കുന്നു.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓണവുമായി ബന്ധപ്പെട്ട ആഘോഷങ്ങളെല്ലാം ഉപേക്ഷിക്കുന്നതിൽ ചിലർ ആശങ്ക പ്രകടിപ്പിച്ചിരുന്നു. എന്നാൽ സർക്കാർ സംഘടിപ്പിക്കുന്ന ആഘോഷ പരിപാടികൾ മാത്രമാണ് ഒഴിവാക്കിയത്. മറ്റു പരിപാടികൾക്കൊന്നും വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. വയനാടിന്റെ പുനർനിർമാണത്തിലേക്ക് സർക്കാർ കടക്കുകയാണ്. അതിന് നാടിന്റെയാകെ പിന്തുണ വലിയതോതിൽ ലഭിക്കുന്നുണ്ട്. വിവിധ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവർക്ക് മുഴുവൻ താത്ക്കാലിക താമസം ഒരുക്കി. പുനരധിവാസ നടപടികൾ കൃത്യമായി നടന്നു വരുന്നു. വയനാട് ദുരന്തബാധിത പ്രദേശത്തെ മുഴുവൻ പേർക്കും 14 ഇനങ്ങൾ അടങ്ങിയ ഓണക്കിറ്റ് സൗജന്യമായി നൽകുന്നുണ്ട്. സപ്ലൈകോയുടെ പ്രവർത്തനം സർക്കാരിന്റെ പ്രവർത്തനമായി ജനം വിലയിരുത്തുന്ന സ്ഥിതിയുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സപ്ളൈക്കോയെ ആശ്രയിക്കുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ വലിയ വർധനവുണ്ടായതായി അധ്യക്ഷത വഹിച്ച ഭക്ഷ്യമന്ത്രി ജി. ആർ. അനിൽ പറഞ്ഞു. വ്യാഴാഴ്ച വൈകിട്ട് മൂന്നു മണി വരെ ആറു കോടി രൂപയുടെ വിൽപന നടന്നിട്ടുണ്ട്. സപ്ലൈകോയ്ക്ക് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നുവെന്നതിന്റെ തെളിവാണിത്. 45 ശതമാനം വരെ വിലക്കുറവിലാണ് ചില ഉത്പന്നങ്ങൾ നൽകുന്നത്. വെള്ള, നീല റേഷൻ കാർഡുകാർക്കും ഓണത്തിന് 10 കിലോ വീതം അരി നൽകുമെന്ന് മന്ത്രി പറഞ്ഞു.

മന്ത്രി വി. ശിവൻകുട്ടി ആദ്യ വിൽപന നിർവഹിച്ചു. ഓണം ഫെയറിലൂടെ ശക്തമായ ഇടപെടലാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. സ്കൂൾ വിദ്യാർത്ഥികൾക്ക് ഓണക്കാലത്ത് നൽകുന്ന 5 കിലോ അരിയുടെ വിതരണം അടുത്ത ആഴ്ച ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ആന്റണിരാജു എം. എൽ. എ, തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി. കെ. രാജു, സപ്ളൈകോ സി. എം. ഡി പി. ബി നൂഹ് തുടങ്ങിയവർ സംബന്ധിച്ചു.

# സാമൂഹ്യതിന്മകൾക്കെതിരെ അധ്യപകരെ നിർഭയമായി പ്രവർത്തിക്കാൻ അനുവദിക്കണം: ഉമാതോമസ് എം എൽ എ

**കൊച്ചി:** രാജ്യത്ത് സാമൂഹിക ജീർണ്ണതകൾ വർധിക്കാനുള്ള പ്രധാന കാരണം അധ്യാപകർക്ക് നിർഭയമായി പ്രവർത്തിക്കാനുള്ള അവസരം ഇല്ലാതായതാണെന്നും മറ്റു മേഖലകളെ പോലെ അധ്യാപകരെ കാണാതെ സാമൂഹ്യ നന്മ വിലയിരുത്തി സാഹചര്യങ്ങളെ നേരിടാൻ അധ്യാപകരെ പ്രാപ്തരാക്കണമെന്നും ഉമ തോമസ് എം എൽ എ പറഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പ് വിഭ്യാഭ്യാസജില്ലാ തലത്തിൽ സംഘടിപ്പിച്ച അധ്യാപക ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. കുട്ടികളിൽ ജീർണ്ണതകൾ നാൾക്കുനാൾ വർധിക്കുകയാണ്. മയക്കുമരുന്ന് ഉപയോഗം പെൺകുട്ടികളിൽ വർധിക്കുന്നു എന്നത് ഭീതിപ്പെടുത്തുന്നതാണ്. മാനുഷിക മൂല്യങ്ങളുടെ പ്രസക്തി ഇല്ലാതാകുന്നു. സാംസ്കാരിക പൈതൃകങ്ങളുടെ അജ്ഞത മനുഷ്യരുടെ സർവ്വതോന്മുഖ പുരോഗതിയെ പിന്നോട്ടടിക്കുന്നു. ഇതിന് പരിഹാരം ഗുരുശിഷ്യ ബന്ധത്തിന്റെ പ്രസക്തി സമൂഹത്തെ ബോധ്യപ്പെടുത്തുകയും സ്വതന്ത്രവും നീതിപൂർവ്വവുമായ പ്രവർത്തനങ്ങൾക്ക് കളമൊരുക്കലുമാണെന്ന് സമൂഹം തിരിച്ചറിയണമെന്നും ഉമ തോമസ് ആവശ്യപ്പെട്ടു. കൊച്ചി കോർപറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ വി എ ശ്രീജിത്ത് അധ്യക്ഷത വഹിച്ചു. കൗൺസിലർ പത്മജ എസ്. മേനോൻ,എഇഒ മാരായ രശ്മി കെ.ജെ, സുധാ എൻ,ഷൈനാമോൾ എസ്.എ, അധ്യാപക സംഘടനാ നേതാക്കളായ ടി.യു സാദത്ത്, അജിമോൻ പൗലോസ്, നിഷാദ് ബാബു, കെ.വി ബെന്നി, ജൂഡ് സി വർഗീസ്, എൽ ശ്രീകുമാർ, കമറുദ്ദീൻ പി.എ, ഷഹിം മുഹമ്മദാലി, എസ്.ആർ.വി സ്കൂൾ പ്രിൻസിപ്പാൾ ബിജു എ എൻ എന്നിവർ പ്രസംഗിച്ചു.30 വർഷ സർവീസ് പൂർത്തീകരിച്ച് ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകരെ ആദരിച്ചു


# ഒരു കട്ടിൽ ഒരു മുറി ഒക്ടോബർ 4ന്




ഹക്കിം ഷാ, പ്രിയംവദ കൃഷ്ണൻ, പൂർണിമ ഇന്ദ്രജിത്ത് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്യുന്ന "ഒരു കട്ടിൽ ഒരു മുറി" ഒക്ടോബർ നാലിന് പതിനാലിന് പ്രദർശനത്തിനെത്തുന്നു.ഷമ്മി തിലകൻ, വിജയരാഘവൻ , ജാഫർ ഇടുക്കി, രഘുനാഥ് പലേരി , ജനാർദ്ദനൻ, ഗണപതി, സ്വാതിദാസ് പ്രഭു,പ്രശാന്ത് മുരളി , മനോഹരി ജോയ്, തുഷാര പിള്ള, വിജയകുമാർ പ്രഭാകരൻ, ഹരിശങ്കർ, രാജീവ് വി തോമസ്, ജിബിൻ ഗോപിനാഥ്, ഉണ്ണിരാജ, ദേവരാജൻ കോഴിക്കോട് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.സപ്ത തരംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,വിക്രമാദിത്യൻ ഫിലിംസ് എന്നീ ബാനറുകളിൽ സപ്ത തരംഗ് ക്രിയേഷൻസ് സമീർ ചെമ്പയിൽ,രഘുനാഥ് പലേരി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എൽദോ ജോർജ്ജ്നിർവഹിക്കുന്നു.രഘുനാഥ് പലേരി തിരക്കഥ സംഭാഷണമെഴുതുന്നു.

രഘുനാഥ് പലേരി, അൻവർ അലി എന്നിവർ എഴുതിയ വരികൾക്ക് അങ്കിത് മേനോൻ,വർക്കി എന്നിവർ സംഗീതം പകരുന്നു. രവി ജി,നാരായണി ഗോപൻ എന്നിവരാണ് ഗായകർ.പശ്ചാത്തല സംഗീതംവർക്കി.എഡിറ്റിങ്മനോജ് സി എസ്,പ്രൊഡക്ഷൻ കൺട്രോളർ ഏൽദോ സെൽവരാജ്,കലാസംവിധാനം അരുൺ ജോസ്, മേക്കപ്പ്അമൽ കുമാർ,കോസ്റ്റ്യൂം ഡിസൈൻനിസ്സാർ റഹ്മത്ത്,സൗണ്ട് ഡിസൈൻരംഗനാഥ് രവി, മിക്സിങ്വിപിൻ. വി. നായർ,കാസ്റ്റിംഗ് ഡയറക്ടർബിനോയ് നമ്പാല,സ്റ്റിൽസ്ഷാജി നാഥൻ,സ്റ്റണ്ട്കെവിൻ കുമാർ,പോസ്റ്റ് പ്രൊഡക്ഷൻ കോർഡിനേറ്റർഅരുൺ ഉടുമ്പൻചോല, അഞ്ജു പീറ്റർ,ഡിഐ ലിജു പ്രഭാകർ,വിഷ്വൽ എഫക്റ്റ്റിഡ്ജ് വിഎഫ്എക്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർഉണ്ണി സി, എ.കെ രജിലേഷ്,ഡിസൈൻസ് തോട്ട് സ്റ്റേഷൻ,പി ആർ ഒ എ എസ് ദിനേശ്.

# വടു തുടങ്ങി




ടി ജി രവി, മകൻ ശ്രീജിത്ത് രവിയോടൊപ്പം അച്ഛനും മകനുമായി തന്നെ അഭിനയിക്കുന്ന വടു എന്ന ചിത്രത്തിന്റെ ചിത്രീകരണം ചാവക്കാട് ആരംഭിച്ചു.ശ്രീജിത്ത് പൊയിൽക്കാവ് സംവിധാനം ചെയ്യുന്ന വടു വൈഡ് സ്ക്രീൻ മീഡിയ പ്രൊഡക്ഷൻസ്, നീലാംബരി പ്രൊഡക്ഷൻസ് എന്നീ ബാനറിൽ ഡോക്ടർ മനോജ് ഗോവിന്ദൻ,മുരളി നീലാംബരി, പ്രദീപ് കുമാർ ജി, മോഹനൻ കൂനിയാത്ത് എന്നിവർ ചേർന്ന് നിർമ്മിക്കുന്നു. ശിവജി ഗുരുവായൂർ, മണികണ്ഠൻ പട്ടാമ്പി,ആര്യ തുടങ്ങിയവർക്കൊപ്പംമലയാളത്തിലെ മറ്റു താരങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.സ്നേഹബന്ധം അപ്രത്യക്ഷമാകുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഒരു പിതാവും മകനും തമ്മിലുള്ള ആത്മബന്ധം അതിന്റെ സങ്കീർണ്ണതകളോടെ,ഹൃദയസ്പർശിയായ കഥയിലൂടെആവിഷ്ക്കരിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിപിൻ ചന്ദ്രൻ നിർവഹിക്കുന്നു.മുരളി നീലാംബരി എഴുതിയ വരികൾക്ക് പി ഡി സൈഗാൾ തൃപ്പൂണിത്തുറ സംഗീതം പകരുന്നു.എഡിറ്റർരതിൻ രാധാകൃഷ്ണൻ.ആർട്ട് ഡയറക്ടർ വിനീഷ് കണ്ണൻ വസ്ത്രാലങ്കാരം പ്രസാദ് ആനക്കര മേക്കപ്പ്വിനീഷ് ചെറുകാനം,ചീഫ് അസോസിയേറ്റ് ഡയറക്ടർരവി വാസുദേവ്, അസിസ്റ്റന്റ് ഡയറക്ടർബാല സാഗർ, വിനീത് വെണ്മണി വി,അഞ്ജിത,പോസ്റ്റ് പ്രൊഡക്ഷൻ ഡയറക്ടർഅജേഷ് സുധാകരൻ,റിക്കോർഡിങ് സ്റ്റുഡിയോ ഡിജിസ്റ്റാർ മീഡിയ തൃപ്പൂണിത്തുറ,സ്റ്റിൽസ് രാഹുൽ ലുമിയർ,ഡിസൈൻ ഷാജി പാലോളി,പ്രൊഡക്ഷൻ കൺട്രോളർകമലേഷ് കടലുണ്ടി,ഫിനാൻസ് കൺട്രോളർശ്രീകുമാർ പ്രിജി,പ്രൊഡക്ഷൻ മാനേജർമനോജ് കുമാർ ടി,പി ആർ ഒ എ എസ് ദിനേശ്.



# ദി യൂട്യൂബർ

കാളച്ചേകോൻ എന്ന ഹിറ്റ് ചിത്രത്തിനു ശേഷം ശ്രീബരീശ ബാനറിൽ കെ.എസ്. ഹരിഹരൻ സംവിധാനം ചെയ്യുന്ന ദി യൂട്യൂബർ എന്ന സിനിമയുടെ ചിത്രീകരണം തേക്കടിയിൽ ആരംഭിച്ചു.പുതുമുഖം അഭിനവ്നായകനായി അഭിനയിക്കുന്ന ഈ ചിത്രത്തിൽ ഇന്ദ്രൻസ്, ദേവൻ,ശിവജി ഗുരുവായൂർ, നാരായണൻ കുട്ടി, ജോസഫ് കോഴിക്കോട്, കുളപ്പുള്ളി ലീല,ഗീതാ വിജയൻ,മിന്നു തുടങ്ങിയ പ്രമുഖരോടൊപ്പം നിരവധി പുതുമുഖങ്ങൾ അണിനിരക്കുന്നുഒരു ഫുൾ ടൈം ഫാമിലി എന്റെർടൈമെന്റ് ചിത്രമാണ് 'ദി യൂട്യൂബർ.

രാജേഷ് കോട്ടപ്പടി തിരക്കഥയും സംഭാഷണമെഴുതുന്നു. ആധുനിക ദൃശ്യ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന മൽസരത്തിലെ നന്മതിന്മകൾ വരച്ചുകാട്ടുന്ന ദി യൂട്യുബർ എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ടി എസ് ബാബു നിർവ്വഹിക്കുന്നു.'ദൈനംദിനം മനുഷ്യ ജീവിതത്തിലുണ്ടാവുന്ന ചില സംഘർഷങ്ങളും നഷ്ടപ്പെടലുകളും ഈ ചിത്രത്തിൽ അടയാളമാകുന്നുണ്ട്. ന്യൂജെൻ ത്രില്ലായ സ്റ്റണ്ട്റൈസ് രംഗങ്ങളും കാണികളെ കുടുകുടാ ചിരിപ്പിക്കുന്ന കോമഡി രംഗങ്ങളും ആകാംഷഭരിതങ്ങളായ നിരവധി മുഹൂർത്തങ്ങളും ഈ ചിത്രത്തിലുണ്ടാകും സംവിധായകൻ കെ എസ് ഹരിഹരൻ പറഞ്ഞു.എഡിറ്റർഷിബു പെരുമ്പാവൂർ,മേക്കപ്പ്ജോസ്,കലസനൂപ്.സംവിധായകൻ കെ.എസ്. ഹരിഹരൻ എഴുതിയ വരികൾക്ക് ഭവനേഷ് സംഗീതം പകർന്ന ഗാനം ബേബി സാത്വിക ആലപിക്കുന്നു.

തേക്കടി,ഭൂതത്താൻകെട്ട് ,അയ്യപ്പൻമല എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാകുന്ന'ദി യൂട്യൂബർ'നവംമ്പറിൽ റിലീസ് ചെയ്യും.പി ആർ ഒഎ എസ് ദിനേശ്.



# കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റുകയെന്നതാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗവേഷണത്തിന്റെയും വികസനത്തിന്റെയും പാതയിൽ ഫലപ്രദമായ മാർഗനിർദേശങ്ങൾ നൽകാൻ ലോകാരോഗ്യ സംഘടനയ്ക്ക് കഴിയുമെന്നുറപ്പുണ്ട്. അതിലൂടെ ആരോഗ്യ രംഗത്തെ കേരള മോഡൽ ലോകത്തിന് കൂടുതൽ സംഭാവനകൾ നൽകാനാകും. നിപ, കോവിഡ്19 തുടങ്ങിയവയെ പ്രതിരോധിക്കുന്നതിൽ കേരളത്തിന് ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായം ലഭിച്ചു എന്നത് ശ്രദ്ധേയമാണ്. പ്രളയാനന്തര പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, ക്ഷയരോഗം എന്നിവയുടെ പ്രതിരോധത്തിലും ലോകാരോഗ്യ സംഘടനയുടെ മാർഗനിർദേശം ലഭിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ ക്ഷയരോഗ ചികിത്സയുടെ നാൾവഴികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 'അ ജമവേ ീ ണല ഹഹിലലൈ ഗല്യമഹമ'െ ആമഹേല മഴമശിെ ഠആ' ഡോക്യുമെന്റ് പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനത്ത് ക്ഷയരോഗ നിവാരണത്തിനുള്ള ആക്ഷൻ പ്ലാനിന്റെ രണ്ടാം ഭാഗം എന്ന നയരേഖ പുറത്തിറക്കുന്നതിന് മുന്നോടിയായുള്ള ലഘുലേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ക്ഷയരോഗത്തെക്കുറിച്ചുള്ള ചർച്ചകൾ പൊതുസമൂഹത്തിൽ ഇപ്പോൾ അധികം ഉണ്ടാകാറില്ല. കാരണം, പൊതുവേ നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഒരു രോഗമായാണ് അതിനെ നാം കണക്കാക്കുന്നത്. എന്നാൽ ലോകത്താകെയുള്ള കണക്കുകൾ പരിശോധിച്ചാൽ അതല്ല സ്ഥിതി എന്നു മനസിലാക്കാൻ സാധിക്കും. ഇന്നും ലോകത്ത് ഏറ്റവുമധികം ആളുകളുടെ മരണത്തിനു കാരണമാകുന്ന പകർച്ചവ്യാധിയാണ് ക്ഷയരോഗം. എന്നാൽ ക്ഷയരോഗ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തനം കൊണ്ടുതന്നെ സംസ്ഥാനത്തെ ക്ഷയരോഗ വ്യാപനം 40 ശതമാനം കുറയ്ക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നടത്തിയ ദേശീയ ക്ഷയരോഗ സർവേയിൽ രാജ്യത്ത് ക്ഷയരോഗ വ്യാപനം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ഓരോ ഒരു ലക്ഷം പേരിലും 70 പേരെയാണ് ക്ഷയരോഗം ബാധിക്കുന്നത്. നമ്മുടെ രാജ്യത്താകെ ഒരു ലക്ഷത്തിൽ 199ഉം ലോകത്താകെ ഒരു ലക്ഷത്തിൽ 133 ഉം ആളുകളെയാണ് ക്ഷയരോഗം ബാധിക്കുന്നത്. കേരളത്തിൽ ഒരു ലക്ഷത്തിൽ 7ഉം ഇന്ത്യയിൽ 34ഉം ലോകത്ത് 18 ഉം ആളുകളാണ് ക്ഷയരോഗം മൂലം മരണപ്പെടുന്നത്. കുറഞ്ഞ ശിശുമരണ നിരക്കിലെന്ന പോലെ കുറഞ്ഞ ക്ഷയരോഗ മരണ നിരക്കിലും നമ്മൾ ലോകത്തിനു മാതൃകയാവുന്നു.

കേരളത്തിലെ 99 ശതമാനം ജനങ്ങളേയും ക്ഷയരോഗ നിർമ്മാർജ്ജനത്തെക്കുറിച്ച് ബോധവത്ക്കരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കഴിഞ്ഞിട്ടുണ്ട്. 83 ശതമാനം ഗ്രാമ പഞ്ചായത്തുകളിലും പഞ്ചായത്ത് തലത്തിലുള്ള ടിബി എലിമിനേഷൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി 2023 ൽ കേന്ദ്ര സർക്കാർ കേരളത്തിലെ 60 പഞ്ചായത്തുകളെ ക്ഷയരോഗ മുക്തമായി പ്രഖ്യാപിച്ചിരുന്നു. ഇനിയും ഇക്കാര്യത്തിൽ വലിയ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശേഷിക്കുന്ന പഞ്ചായത്തുകളിൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനും കൂടുതൽ പഞ്ചായത്തുകളെ ക്ഷയരോഗ വിമുക്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

ക്ഷയരോഗികൾക്ക് ആവശ്യമായ പോഷകാഹാരം ലഭ്യമാക്കൽ, മതിയായ ചികിത്സ ഉറപ്പാക്കുന്നതിനുള്ള കൂട്ടായ്മകൾ രൂപീകരിക്കൽ, സ്വകാര്യ മേഖലയിലെ ക്ഷയരോഗ നിർമ്മാർജ്ജന സംവിധാനം (സ്റ്റെപ്സ്) നടപ്പിലാക്കൽ എന്നിവയ്ക്കു പുറമെ, ക്ഷയരോഗ സാധ്യതാ നിർണ്ണയം അടക്കമുള്ള പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. 2024ൽ ജനീവയിലെ സ്റ്റോപ്പ് ടിബി പാർട്ണർഷിപ്പിന്റെ നേതൃത്വത്തിൽ 12 രാജ്യങ്ങളിലെ മെഡിക്കൽ അസോസിയേഷനുകളുടെ നേതാക്കൾ കേരളത്തിലെ സ്റ്റെപ്സ് പ്രോഗ്രാം അവലോകനം ചെയ്തിരുന്നു. കാര്യക്ഷമമായ ക്ഷയരോഗ പരിചരണം ഉറപ്പാക്കുന്നതിനുള്ള കേരളത്തിന്റെ നടപടികൾ ഫലപ്രദമാണെന്നും അതേ മാതൃകയിൽ മറ്റു രാജ്യങ്ങളിൽ അവ നടപ്പാക്കണമെന്നും അവർ തീരുമാനിച്ചു. അഭിമാനകരമായ നേട്ടമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ടിബി നിർമ്മാർജനത്തിൽ ലോകാരോഗ്യ സംഘടന നൽകുന്ന പിന്തുണ വലുത്: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ടിബി നിർമ്മാർജനത്തിൽ ലോകാരോഗ്യ സംഘടന നൽകുന്ന പിന്തുണ വളരെ വലുതാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആരോഗ്യ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളം നടത്തുന്നത്.

പരമാവധി ആളുകൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാനായി. ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗം തടയാൻ രാജ്യത്താദ്യമായി എഎംആർ ആക്ഷൻ പ്ലാൻ രൂപീകരിച്ചു. കേരളത്തിലെ സാമൂഹികാധിഷ്ഠിത പാലിയേറ്റീവ് കെയർ പരിപാടി എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. കാസ്പ് പദ്ധതി വഴി 42 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കി.

രാജ്യത്ത് ഏറ്റവും കുറവ് ടിബി റിപ്പോർട്ട് ചെയ്ത സംസ്ഥാനമാണ് കേരളം. 2015നെ അപേക്ഷിച്ച് ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 40 ശതമാനത്തിലധികം കുറവുണ്ടായി. ഇതിലൂടെ 2022ൽ ദേശീയ തലത്തിൽ സിൽവർ മെഡൽ ലഭിക്കുകയും ചെയ്തു. സ്വകാര്യ മേഖലയിൽ ദേശീയ ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ചതിനും പുരസ്കാരം ലഭിച്ചിരുന്നതായും മന്ത്രി പറഞ്ഞു.

ലോകാരോഗ്യ സംഘടനയുടെ ഇന്ത്യാ പ്രതിനിധി ഡോ. റോഡ്റികോ എച്ച് ഓഫ്രിൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു എന്നിവർ പങ്കെടുത്തു.

# പ്രവാസിസംഗമം 500 വിദേശ പ്രതിനിധികൾ പങ്കെടുക്കും

**ശിവഗിരി :** ശിവഗിരി മഠത്തിൻറെ ആഭിമുഖ്യത്തിൽ 16, 17 തീയതികളിൽ നടക്കുന്ന പ്രവാസി സംഗമത്തിൽ മലയാളികളും അല്ലാത്തവരുമായി അഞ്ഞൂറിൽപ്പരം വിദേശ പ്രതിനിധികൾ പങ്കെടുക്കും. സംഗമത്തിന് മുന്നോടിയായി യു.കെ., അമേരിക്ക, ഓസ്ട്രേലിയ, കാനഡ, സിംഗപ്പൂർ, യു.എസ്., ബഹറിൻ, ഒമാൻ, കുവൈറ്റ്, ഖത്തർ, ദുബായ്, അൽ അയ്മൻ, ഷാർജ, അബുദാബി തുടങ്ങിയ രാജ്യങ്ങളിൽ നടന്ന പ്രവാസിസംഗമം ഓൺലൈൻ മീറ്റിംഗിൽ സംഘടനാ ഭാരവാഹികളും പ്രതിനിധികളും പങ്കെടുത്തു. സേവനം സെൻറർ, സേവനം സാരഥി, വിവിധ രാജ്യങ്ങളിലെ ശ്രീനാരായണ അസോസിയേഷനുകൾ ഗുരുദേവ സൊസൈറ്റി ബഹറിൻ, ശ്രീനാരായണ കൾച്ചറൽ സൊസൈറ്റി ബഹറിൻ, ശ്രീനാരായണ ബില്ലവ അസോസിയോഷൻ, ശിവഗിരി ആശ്രമം ഓഫ് യു.കെ, ഇന്ത്യൻ അസോസിയേഷൻ ഓഫ് ദുബായ് തുടങ്ങി നിരവധി സംഘടനകളുടെ ഭാരവാഹികളും പ്രവർത്തകരും മീറ്റിങ്ങിൽ പങ്കെടുത്തു. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ ജനറൽസെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ഖജാൻജി സ്വാമി ശാരദാനന്ദ, മുൻ ജനറൽ സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, കെ. മുരളീധരൻ ദുബായ് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com